(സി) 'ബി' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്&ജി) ചോദ്യം ഉദിക്കുന്നില്ല.

താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് മാനസികാരോഗ്യ ചികിത്സാവാർഡുകൾ

26 (*549) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് മാനസികാരോഗ്യ ചികിത്സാ വാർഡുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റുകളുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഈ വാർഡുകളുടെ പ്രവർത്തനം മുഖേന മാനസികാരോഗ്യ രംഗത്ത് എത്രമാത്രം നേട്ടം കൈവരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത മാനസികാരോഗ്യ ചികിത്സാ വാർഡുകളുടെ സേവനം ജനങ്ങൾക്ക് പരമാവധി ലഭ്യമാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്†.

(ബി) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയനുസരിച്ച് സ്ഥിര നിയമനം നടത്തുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) നിലവിലുള്ള മാനസികാരോഗ്യ നയം അനുസരിച്ച് മനോരോഗ ചികിത്സാ സൗകര്യം സാമൂഹിക തലത്തിൽ എത്തിക്കുന്നതിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പ്പാണിത്. മനോരോഗ ചികിത്സക്കുവേണ്ടി മാനസികാരോഗ്യ കേന്ദ്രങ്ങളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ ആശുപത്രികളെയും ആശ്രയിക്കേണ്ടി വരുന്ന ഇപ്പോഴുള്ള അവസ്ഥ ഒരു പരിധിവരെ ഇതുമൂലം പരിഹരിക്കാൻ കഴിയും. ആധുനിക മാനസികാരോഗ്യ ചികിത്സാ സമ്പ്രദായത്തിന്റെ പ്രയോജനം ഇടത്തരം ആശുപത്രികൾ മുഖേന ലഭിക്കുന്നവഴി സാധാരണക്കാരായ രോഗികൾക്ക് അവരുടെ സ്വന്തം സ്ഥലത്തുതന്നെ മെച്ചപ്പെട്ട ചികിത്സക്ക് വിധേയമാകാൻ സഹായകമാകും.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാർഡുകളുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ബോധവൽക്കരണ പരിപാടികൾ നടത്തുന്ന കാര്യം ആലോചിച്ചു വരുന്നു.

അന്തർ സംസ്ഥാന നദീജല കരാറുകൾ

27 (*550) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ വിളിച്ചുചേർത്ത അഖില കക്ഷിയോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തമിഴ്നാടുമായുള്ള നദീജല കരാറുകളിലെ വ്യവസ്ഥകൾ തമിഴ്നാട് തന്നെ ലംഘിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു ;

(ഡി) ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) അന്തർ സംസ്ഥാന നദീജല കരാറുകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ വിളിച്ചു ചേർത്ത അഖിലകക്ഷിയോഗത്തിൽ താഴെ പറയുന്ന പ്രധാന തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് :

പറമ്പിക്കുളം-ആളിയാർ പദ്ധതി പുനരവലോകനം ചെയ്യാൻ ഉണ്ടാക്കിയ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൻമേൽ മേൽനടപടികൾ കൈക്കൊള്ളുന്നതാണ്. മുക്കാലിയിലെ തടയണ നിർമ്മാണ പ്രശ്നത്തിൽ ഒന്നുകൂടി ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്. നദീജലസംരക്ഷണം സംസ്ഥാനത്തിന്റെ പ്രമുഖ ലക്ഷ്യമായി കാണുന്നതാണ്. വകുപ്പുകളിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരുടെ സ്ഥിരത ഉറപ്പുവരുത്തുന്നതാണ്. നദീജല സംയോജനത്തിനെതിരെ നിയമസഭ പ്രമേയം പാസ്സാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള നിയമനിർമ്മാണം ഒട്ടും വൈകാതെ തന്നെ നടത്തേണ്ടതാണെന്നും തീരുമാനിച്ചു.

(ബി) 1970-ലെ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ കാലാകാലങ്ങളിൽ തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും തന്നെ കരാർ ലംഘനങ്ങളല്ലെന്ന നിലപാടാണ് തമിഴ്നാട് സ്വീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly